പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :692 | 29. 10. 2019 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. ഇലക്ട്രിസിറ്റി വർക്കർ തസ്തികയുടെ യോഗ്യതയിൽ മാറ്റം

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ്.പി. | മറുപടി<br>ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ) കെ.എസ്.ഇ.ബി.ഇലക്ട്രിസിറ്റി വർക്കർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന്ന നിലവിലുള്ള യോഗ്യതാ മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ; ഇതിൽ നാലാം ക്ലാസ്സ് ജയിക്കുകയും പത്താം ക്ലാസ്സ് ജയിക്കാതിരിക്കുകയും ചെയ്യണമെന്ന് നിബന്ധനയുണ്ടോ; | (എ) നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഇലക്ട്രിസിറ്റി വർക്കർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള യോഗ്യത സംബന്ധിച്ച് 13/07/1998 – ലെ ബോർഡ് ഉത്തരവിൽ (നമ്പർ 1509/98 (Estt.II/19027/87) നാലാം ക്ലാസ്സ് ജയിക്കുകയും പത്താം ക്ലാസ്സ് ജയിക്കാതിരിക്കുകയും ചെയ്യണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. |
| (ബി) എസ്.എസ്.എൽ.സിക്ക് ഏറെക്കുറെ നൂറു ശതമാനം വിജയം ഉണ്ടാകുന്ന പുതിയ സാഹചര്യത്തിൽ ഉപരിപഠനത്തിന്ന യോഗ്യത നേടി എന്ന ഒറ്റക്കാരണത്താൽ ഈ തസ്തികയിൽ ജോലിക്ക അപേക്ഷിക്കുന്നതിന്ന അവസരം നിഷേധിക്കുന്നത് നീതികേടാണെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ;<br><br>(സി) എസ്.എസ്.എൽ.സി. കഴിഞ്ഞ ശേഷം യോഗ്യത, സാമ്പത്തിക സാമൂഹിക സാഹചര്യങ്ങൾ എന്നിവ കാരണം ഉപരിപഠനത്തിന്ന തുടർപഠനം അസാധ്യമായ ഹതഭാഗ്യർക്ക് ഉയർന്ന തസ്തികകളിലേക്കുള്ള മത്സര പരീക്ഷകൾ വിജയിക്കാൻ വളരെ ബുദ്ധിമുട്ടായതിനാൽ, ഇത്തരം നിബന്ധനകൾ ഇത്തരക്കാരെ കൂടുതൽ ദോഷകരമായി ബാധിക്കും എന്ന് വിലയിരുത്തിയിട്ടുണ്ടോ;<br><br>(ഡി) നിലവിലെ സാഹചര്യത്തിൽ കെ.എസ്. ഇ.ബി. ഇലക്ട്രിസിറ്റി വർക്കർ തസ്തികയുടെ യോഗ്യതയിൽ മാറ്റം വരുത്തുന്നതിന് വൈദ്യുതി വകുപ്പ് മുൻ കൈയ്യെടുക്കുമോ? | (ബി, സി & ഡി) കേരള സർക്കാർ ഉത്തരവ് നമ്പർ സ.ഉ (അച്ചടി) നം. 1/2019/ഊ.വ തീയതി 13/02/2019 കെ.എസ്.ഇ.ബി. ലിമിറ്റഡിലെ BO(FTD) No. 219/2019(Estt.II/6781/2017/ 07/03/2019) എന്നീ ഉത്തരവുകളിൽ, 13/02/2019 – ന് ശേഷം കെ.എസ്.ഇ.ബി. എൽ. - ലെ വിവിധ തസ്തികകളിലേക്കുള്ള പുതിയ നിയമനങ്ങൾ കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി റെഗുലേഷൻസ് 2010 - സബ് റെഗുലേഷൻസ് 6, 7 – ലെ യോഗ്യതാ നിബന്ധനകൾ പ്രകാരമായിരിക്കണമെന്ന് പ്രതിപാദിച്ചിരിക്കുന്നു. ടി. ഉത്തരവുകൾ ബഹു. കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന വ്യവഹാരത്തിലെ ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിരിക്കുകയാണ്.<br>കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വിവിധ തസ്തികളിലേക്കുള്ള പുതിയ നിയമനങ്ങളിലെ യോഗ്യതയും ക്വാട്ടയും നിശ്ചയിക്കുന്നത് സംബന്ധിച്ച് പൊതുവായ സവിശേഷ ചട്ടങ്ങൾ(special Rules) ളുടെ രൂപീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ